LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗരുടെ സർവ്വേ നടത്തിയിട്ടില്ല. 2001 സെൻസസ് പ്രകാരം സംസ്ഥാനത്ത് 8.30 ലക്ഷം വികലാംഗരുള്ളതായി കണക്കാക്കുന്നു.

(ബി) ഉണ്ട്.

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 6.2 കോടി രൂപ ഇതിനായി മിഷന് നൽകിയിട്ടുണ്ട്. ഇതിനായി ഇതുവരെ 5.47 കോടി രൂപ ചെലവായിട്ടുണ്ട്.

(ഡി) സംസ്ഥാന ഫണ്ട് ഉപയോഗിച്ച് വികലാംഗക്ഷേമ കമ്മീഷണറേറ്റിൽ നിന്നും KELTRON വഴിയാണ് മുമ്പ് തിരിച്ചറിയൽ കാർഡ് നൽകിയിരുന്നത്. 1,37,072 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിരുന്നു. ചെലവായ തുക സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഇല്ല. എന്നാൽ മുമ്പ് കാർഡ് ലഭിച്ചവർ 18 വയസ്സിന് താഴെ ഉള്ളവരാണെങ്കിൽ അവർക്ക് 18 വയസ്സ് തികയുന്ന മുറയ്ക്ക് കാർഡ് പുതുക്കി നൽകുന്നുണ്ട്. കാലാവധി തീർന്നവർക്ക് വീണ്ടും മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം കാർഡ് നൽകിയിട്ടുമുണ്ട്. സർക്കാർ ഉത്തരവ് (പി) നമ്പർ 86/2010/സാക്ഷേവ തീയതി 30-11-2010 പ്രകാരം ഈ തിരിച്ചറിയൽ കാർഡ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും വിവിധ വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വികലാംഗത്വം തെളിയിക്കുന്നതിന് മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് വികലാംഗർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഒഴിവാക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി

84 (681) പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഏതൊക്കെ ജലസേചന പദ്ധതികളാണ്. നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കീഴിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ആവിഷ്കരിച്ച് ഇപ്പോൾ നടപ്പിലാക്കുന്ന ജലസേചന പദ്ധതികൾ.

1. അഴീക്കോടിനും ഏരിയാടിനും ഇടയിൽ 1680 മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് Critical Anti Sea erosion Works in coastal and other than Ganga Basin States എന്ന സ്കീമിൽ ഉൾപ്പെടുത്തി 3 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നു.

2. കേന്ദ്ര സർക്കാർ ദുരിതബാധിത ജില്ലകൾക്കായി (വയനാട്, കാസർകോട്, പാലക്കാട്) കർഷകർക്കായുള്ള പ്രത്യേക പദ്ധതിവഴി ചെറുകിട ജലസേചന മേഖലയിൽ RIDF XIII-ൽ ഉൾപ്പെടുത്തി 2007-08-ൽ 19.71 കോടി രൂപയുടെ 75 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 2010-11-ൽ RIDF XVI-ൽ ഇതുവരെയായി 11.30 കോടി രൂപയുടെ 32 പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

3. കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കുട്ടനാട് പാക്കേജ് എന്ന പദ്ധതി കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക കെടുതികൾ ലഘൂകരിക്കുന്നതിനും തിരുവനന്തപുരം ജില്ലയുടെ കടൽത്തീരത്ത് കടലാക്രമണം നേരിടുന്നതിനും വേണ്ടി പുലിമുട്ട് നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1-ന്റെ കീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർപ്പുഴ, എന്നീ പദ്ധതികൾക്ക് പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി കേന്ദ്ര ഗവണമെന്റിന്റെ ERM (Extension, Renovation & Modernisation)-ൽ ഉൾപ്പെടുത്തി AIBP സഹായം ലഭിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ,പ്രോജക്ട് 2 കീഴിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് 2002 മുതൽ കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമാണ്. അഡ്മിനിസ്ട്രേറ്റർ, കാഡയുടെ കീഴിൽ പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്ത് കേന്ദ്ര സഹായത്തോടു കൂടിയുള്ള കമാന്റ് ഏരിയ വികസന പ്രവർത്തനങ്ങളാണ് കാഡയുടെ കീഴിൽ നടപ്പിലാക്കുന്നത്.

(ബി) ചീഫ് എഞ്ചിനീയറിന്റെ (ജലസേചനവും ഭരണവും) കീഴിൽ

1. Critical anti Sea erosion works in coastal and other than Ganga basin states എന്ന Scheme 2005 ൽ പണി ആരംഭിച്ചു. ഇതിന്റെ പണി പൂർത്തിയായി.

2. RIDF XIII-ൽ 61 പണികൾ പൂർത്തീകരിച്ചു. 5 പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 9 പണികൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിച്ചു. RIDF XVI-ൽ അനുവദിച്ച പ്രവർത്തികളുടെ ടെണ്ടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

3. കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികളുടെ വിവിധ ഘട്ടങ്ങൾ താഴെ വിവരിക്കുന്നു.

1. കുട്ടനാട് ഭാഗത്തെ 14 പാടശേഖരങ്ങൾ ഉൾപ്പെടുത്തി 24.70 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നു.

2. സി. ഡി. റാണി- ചിത്തിര എന്നീ പാടശേഖരങ്ങളും അതിനടുത്ത് കിടക്കുന്ന അഞ്ച് പാടശേഖരങ്ങളും ഉൾപ്പെടുത്തി 118.913 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു.

3. ഫെയ്സ് 1-ൽ 231 പാടശേഖരങ്ങൾക്കും ഫെയ്സ് 2-ൽ 432 പാടശേഖരങ്ങൾക്കും ഫെയ്സ് 3-ൽ 335 പാടശേഖരങ്ങൾക്കും വേണ്ടി 2443.89 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

4. ഓണാട്ടുകര പ്രദേശത്തെ 12 വാട്ടർ ഷെഡ്ഡുകൾ ഉൾപ്പെടുത്തി വെള്ള പ്പൊക്ക നിവാരണം നടപ്പിലാക്കുന്നതിനായി 252.75 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

5. തണ്ണീർമുക്കം-തോട്ടപ്പള്ളി എന്നിവയുടെ ഷട്ടറുകൾ പുനർനിർമ്മിതി ഉൾപ്പെടെയുള്ള കാര്യങ്ങൾ തീരുമാനിക്കുന്നതിന് വേണ്ടിയുള്ള പഠനം നടന്നുകൊണ്ടിരിക്കുന്നു. ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1-ന്റെ കീഴിൽ കാഞ്ഞിരപ്പുഴ പദ്ധതിയുടെ 182 പ്രവൃത്തികളിൽ 66 പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. ഇതിന് കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡുവായി 90.45 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. മലമ്പുഴ പദ്ധതിയുടെ കീഴിലുള്ള 80 പ്രവൃത്തികളിൽ 68 പ്രവൃത്തികൾ പൂർത്തീകരിക്കു കയും ബാക്കിയുള്ളവയുടെ പ്രവർത്തനം വിവിധ ഘട്ടങ്ങളിലുമാണ്. ചിറ്റൂർപ്പുഴ പദ്ധതിയുടെ കീഴിലുള്ള 34 പ്രവൃത്തികൾ അറേഞ്ച് ചെയ്തതിൽ 32 എണ്ണം പൂർത്തീകരിച്ചു. കൂടാതെ 78 വർക്കുകൾ ടെണ്ടറിന് കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡുവായി 585.22 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2-ന്റെ കീഴിൽ മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ട് 1994 - ൽ ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. എന്നാൽ ഈ പദ്ധതി 2011 ഡിസംബറിൽ മുഴുവൻ പണികളും പൂർത്തിയാക്കി 2012 മാർച്ചിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കു ന്നത്. അഡ്മിനിസ്ട്രേറ്റർ, കാഡയുടെ കീഴിൽ കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ ജലസേചന പദ്ധതികളുടെ ആയക്കെട്ട് പ്രദേശത്താണ് ഇപ്പോൾ കമാന്റ് ഏരിയ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. 2010 മാർച്ച് വരെ, കാഞ്ഞിരപ്പുഴ പദ്ധതിയുടെ കീഴിലുള്ള 8167 ഹെക്ടർ ആയക്കെട്ടിൽ 6253.43 ഹെക്ടർ പ്രദേശത്തും, പഴശ്ശി പദ്ധതിയുടെ 11530 ഹെക്ടർ ആയക്കെട്ടിൽ 1361.75 ഹെക്ടർ പ്രദേശത്തും കല്ലട പദ്ധതി യിലെ 535.14 ഹെക്ടർ ആയക്കെട്ടിൽ 225 ഹെക്ടർ പ്രദേശത്തും ജലസേചന സൗകര്യം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly